LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരികൾക്ക് താമസസൗകര്യം

4 [1782] ശ്രീ. ഇ. എം. അഗസ്തി:
" എം. മുരളി:
" തമ്പാനൂർ രവി:
" ജി. പ്രതാപവർമ്മ തമ്പാൻ:
" ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യമായ താമസ സൗകര്യം നൽകാൻ കഴിയുന്നുണ്ടോ;

(ബി) കെ. ടി. ഡി. സി.-ക്ക് എവിടെയെല്ലാം എത്ര മുറികളുടെ സൗകര്യം ഉണ്ടെന്ന് അറിയിക്കാമോ;

(സി) വീടുകളിൽ ഗസ്റ്റിനെ സ്വീകരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇപ്പോഴും ഏർപ്പെടുത്തുന്നുണ്ടോ;

(ഡി) എങ്കിൽ തിരുവനന്തപുരത്ത് ഇത്തരം എത്ര വീടുകളുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 607 മുറികളാണ് നിലവിലുള്ളത് വിശദമായ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഉണ്ട്.

(ഡി) ഇത്തരം 6 (ആറ്) വീടുകളാണ് തിരുവനന്തപുരത്ത് ഇപ്പോൾ ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നത്.

വിനോദസഞ്ചാര വകുപ്പിലെ വാഹനങ്ങൾ

5 [1783] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിൽ എത്ര പുതിയ വാഹനങ്ങൾ വാങ്ങി എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം കമ്പനിയിൽ നിന്നും എത്ര വാഹനങ്ങൾ വീതം വാങ്ങിയെന്നും ഓരോന്നിനും എന്തു തുക ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്